# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 679 02/12/2014-ൽ മറുപടിക്ക്

## ആദിവാസി കുട്ടികളുടെ ദുരിതങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആദിവാസി സമൂഹത്തിലെ കുട്ടികൾ പോഷകാഹാരക്കുറവും പട്ടിണിയും മൂലം ദുരിതമനുഭവിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ ആദിവാസി സമൂഹങ്ങളിലെ കുട്ടികൾ പോഹകാഹാരകുറവും പട്ടിണിയും മൂലം ദുരിതമനുഭവിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അട്ടപ്പാടി മേഖലയിൽ ഒറ്റപ്പെട്ട നവജാത ശിശുമരണങ്ങൾ ശ്രദ്ധയിൽപ്പെട്ടപ്പോൾതന്നെ യഥാസമയം വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി വിഷയങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (ബി) | പട്ടികവർഗ്ഗക്കാർക്കിടയിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ശിശുമരണനിരക്ക് കുറക്കുന്നതിനും, പോഷകാഹാരകുറവ് പരിഹരിക്കുന്നതിനും വിദഗ്ദ്ധ ചികിൽസ ഉറപ്പുവരുത്തുന്നതിനുമായി കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയും അടിയന്തിര ഘട്ടങ്ങളിൽ ചികിൽസയെത്തിക്കുന്നതിന് 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ഗുരുതരമായ വിളർച്ച രോഗമുള്ള കുട്ടികളെ പരിചരിക്കുന്നതിന് 3 ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫുഡ് സപ്പോർട്ട് പ്രോഗ്രാം സാമൂഹ്യ നീതി വകുപ്പിന്റെ 101 സജീവ സാമൂഹ്യ അടുക്കളകൾ, അമൃതം, ന്യൂട്രിമിക്സ് വിതരണം, കൗമാരക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാര പദ്ധതിയായ ശബല കിറ്റ് വിതരണം, വിവാഹിതരായ സ്ത്രീകൾക്കും ഗർഭിണികൾക്കും ഫോളിക് ആസിഡ്, അയൺഗുളിക എന്നിവ നൽകുന്ന പദ്ധതി തുടങ്ങിയവയും പോഷകാഹാരകുറവ് പരിഹരിക്കുന്നതിനായി അട്ടപ്പാടി മേഖലയിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | അട്ടപ്പാടി മേഖലയിൽ ഈ വർഷം 15 വയസ്സിൽ താഴെയുള്ള എത്ര കുട്ടികളാണ് മരണപ്പെട്ടിട്ടുള്ളത്; ഇത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | (സി) | 15 വയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണ വിവരം ലഭ്യമല്ല. എന്നാൽ ഈ വർഷം അട്ടപ്പാടിയിൽ വ്യത്യസ്ത കാരണങ്ങളാൽ 13 നവജാത ശിശുക്കൾ മരണപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഇതിൽ എത്ര പേർ പോഷകാഹാരക്കുറവുകൊണ്ടും, വൈദ്യസഹായം ലഭ്യമാകാത്തത് കൊണ്ടും മരണപ്പെട്ടിട്ടുണ്ട്? | (ഡി) | അമ്മമാരുടെ പോഷകാഹാരകുറവ്മൂലം ഈ വർഷം 5 നവജാതശിശുക്കൾ മരണപ്പെട്ടിട്ടുണ്ട്. വൈദ്യസഹായം ലഭ്യമാകാത്തതുകൊണ്ട് ആരും മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ